റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കറവ് എന്ന നിരക്ക്, കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി&സി) അന്താരാഷ്ട്ര വിപണിയിൽ ക്രംബ് റബ്ബറിനുണ്ടായിരുന്ന കറഞ്ഞ വില കാരണം ഇത്തരം റബ്ബർ അന്യ രാജ്യങ്ങളിൽനിന്ന് കൂടുതൽ ഇറക്കുമതി ചെയ്യുന്ന പ്രവണതയാണ് തദ്ദേശ റബ്ബറിന്റെ വിലക്കുറവിന് കാരണമെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അത് ഫലപ്രദമായി തടയുന്നതിനും കൂടിയാണ് പ്രകൃതിദത്ത റബ്ബറിനെ നികതി വിമുക്തമാക്കിയതും Price stabilization scheme നടപ്പിലാക്കിയതും. ഡിസംബർ 22-ാം തീയതി മുതൽ നടപ്പിലാക്കിയ Price stabilization scheme-നെ തുടർന്ന് ടയർ കമ്പനികൾ കൂടുതൽ റബ്ബർ കേരളത്തിൽ നിന്നും വാങ്ങുകയും റബ്ബറിന് നേരിയ തോതിലെങ്കിലും വില വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മുമ്പ് ഉണ്ടായിരുന്ന റബ്ബർ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ സർക്കാർ ഉദ്ദേശിച്ച കിലോയ്ക്ക് 130 രൂപ എന്ന വില പൂർണ്ണമായും കർഷകർക്ക് എല്ലാ ദിവസവും ലഭിക്കുകയുണ്ടായില്ല. ഇതിനെ തുടർന്ന് 1-1-2015 മുതൽ Price Stabilization fund സർക്കാർ പിൻവലിക്കുകയുണ്ടായി.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണമായ കരാർ

160 (1529) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രശ്നങ്ങൾ എന്തുകാരണം കൊണ്ടാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രശ്നങ്ങൾക്ക് കാരണമായ കരാർ ഏതാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കരാർ ഏതു വർഷത്തിലാണ് നടപ്പിലായതെന്നും ഏത് കേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇതിൽ ഒപ്പുവച്ചതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവാണ് സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം.

(ബി)

(i) അന്താരാഷ്ട്ര വിപണിയിൽ ബ്ലോക്ക് റബ്ബറിന്റെ വിലയിടിവ്.

(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യംമൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കറവ്.

(iii) വളരെ കുറഞ്ഞ അളവിൽ മാത്രമേ ചൈന റബ്ബർ വാങ്ങുന്നുള്ളൂ.

(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്

(v) തായിലന്റിൽ സംഭരണം നടപ്പാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്

(vi) എണ്ണ വിലയിലുണ്ടായ ഇടിവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്

(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

(സി) സ്വാഭാവിക റബ്ബറിന്റെ വിലയിടിവിനു കാരണം ആഗോള കരാറുകൾ മാത്രമാണെന്ന് പറയാൻ സാധിക്കില്ല. എങ്കിലും റബ്ബർ ഇറക്കുമതിക്ക് ഇൻഡോ ആസിയാൻ കരാർ സഹായകരമായി എന്നത് ഒരു വസ്തുതയാണ്.

(ഡി) 2009 ആഗസ്റ്റ് 13-നാണ് പ്രസ്തുത കരാർ ഒപ്പുവച്ചത്. 2010 ജനുവരി ഒന്നുമുതലാണ് ഇൻഡോ-ആസിയാൻ കരാർ പ്രാവർത്തികമായത്. 2009-ൽ നിലവിലുണ്ടായിരുന്ന കേന്ദ്രസർക്കാരിന്റെ കാലത്താണ് പ്രസ്തുത കരാർ ഒപ്പുവച്ചത്.

പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി

161 (1530) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം എത്ര രൂപയാണ് ചെലവഴിച്ചത്;